അടയ്ക്കാ കർഷകർക്കുള്ള പാക്കേജുകൾ

107 [409] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടയ്ക്കാ കർഷകരെ സഹായിക്കുന്നതിനുള്ള എന്തെങ്കിലും റിപ്പോർട്ടോ പാക്കേജുകളോ സംസ്ഥാനം കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) അടയ്ക്കാ സംഭരണത്തിനു കാംപ്കോയ്ക്ക് മതിയായ സബ്സിഡി അനുവദിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കാംപ്കോയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മേഖലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കവുങ്ങിനെ ബാധിക്കുന്ന മഞ്ഞളിപ്പുരോഗം തടയുന്നതിന് 49.555 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. മൊത്തം പദ്ധതി തുകയിൽ നിന്നും കേന്ദ്രവിഹിതമായി ആവശ്യപ്പെട്ടിരിക്കുന്നത് 37.166 കോടി രൂപയാണ്.

(ബി) ഉണ്ട്. അടയ്ക്കാ സംഭരണത്തിനു കാംപ്കോയ്ക്ക് 5 കോടി രൂപ നൽകി കഴിഞ്ഞു. ബാക്കി തുകയായ 55,71,781 രൂപ നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) കൃഷിവകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം കാംപ്കോയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ഡി) അടയ്ക്കയുടെ വിലയിടിവ് തടയുന്നതിനു മാർക്കറ്റുവിലയേക്കാൾ പരമാവധി 10 രൂപ അധികം നൽകി അടയ്ക്കാ സംഭരിക്കുന്നതിനു കാംപ്കോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. 1-2-2005 മുതൽ 23-5-2005 വരെ കാംപ്കോ വഴി 1494 കർഷകരിൽ നിന്നായി 59943.768 ക്വിന്റൽ അടയ്ക്ക സംഭരിക്കുകയുണ്ടായി. ഈ നടപടിയിലൂടെ അടയ്ക്കയുടെ വിലയിടിവ് പിടിച്ചു നിർത്തുന്നതിന് കുറെ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly